**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ ബോർഡിലേക്ക് അടയ്ക്കാനുള്ള പെൻഷൻ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ പെൻഷൻ ബോർഡിലേക്ക് ജീവനക്കാരുടെ പെൻഷൻ വിഹിതത്തിലെ കുടിശ്ശികയിനത്തിലും അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജിനത്തിലും കേരളാ ബാങ്ക് അടയ്ക്കാനുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; ഈ തുക എന്നത്തേക്ക് അടയ്ക്കാനാകും എന്ന് അറിയിക്കാമോ; | (എ) | ജീവനക്കാർ വിരമിക്കുന്ന സമയത്ത് കേരള ബാങ്കാണ് ജീവനക്കാരുടെ വിഹിതം നിശ്ചിത ഫോർമാറ്റിൽ കണക്കാക്കി സമർപ്പിക്കുന്നത്. ബേസിക് പേ + ഡി.എ യുടെ 12% ആണ് നിലവിലെ പെൻഷൻ വിഹിതം. ജീവനക്കാരുടെ ശമ്പള വിവരങ്ങൾ, സേവന വിവരങ്ങൾ എന്നിവ ബാങ്കിന്റെ കൈവശമായതിനാൽ നിലവിലെ സാഹചര്യത്തിൽ പെൻഷൻ വിഹിതത്തിലെ കുടിശ്ശിക കണക്കാക്കുവാൻ പെൻഷൻ ബോർഡിന് സാധിക്കുകയില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം റീജിയണിലെ നിലവിലുള്ള ജീവനക്കാർക്കായി പെൻഷൻ ഫണ്ടിനത്തിൽ 24/05/2011 –ൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ നിന്നും തിരികെ ലഭിച്ച തുകയായ 3,07,27,867/- രൂപ അടയ്ക്കാനായി ബാക്കി നിൽപ്പുണ്ടെന്ന് കേരള ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജിനത്തിൽ 10/2020 വരെ പലിശ ഉൾപ്പെടെ 17,42,14,135/- രൂപ കേരള ബാങ്ക് അടക്കുവാനുണ്ട്. മേൽ തുക ഈടാക്കുന്നതിന് പെൻഷൻ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പെൻഷൻ ബോർഡ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ചവരിൽ എത്ര പേരാണ് സംസ്ഥാന സഹകരണ പെൻഷൻ ബോർഡിൽ നിന്നും ആനുപാതിക പെൻഷൻ വാങ്ങുന്നത്; ഈ ഇനത്തിൽ എത്ര രൂപയാണ് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും പെൻഷൻ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ളത്; | (ബി) | പ്രാഥമിക സഹകരണ ബാങ്കിൽ നിന്നും വിരമിച്ച 378 പെൻഷൻകാർക്കും 68 ഫാമിലി പെൻഷൻകാർക്കും ആനുപാതിക പെൻഷൻ അനുവദിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷ പരിശോധിക്കുന്ന സമയത്ത് മാത്രമേ കുടിശ്ശിക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം കണക്കാക്കുന്ന കുടിശ്ശിക തുക ഈടാക്കുന്നതിനായി സംഘങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ട്. |
| (സി) | കുടിശ്ശിക തുക പിരിച്ചെടുക്കാൻ പെൻഷൻ ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് | (സി) | കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പെൻഷൻ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം റവന്യൂ വകുപ്പ് |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; ഈ തുക എന്നത്തേക്ക് പിരിച്ചെടുക്കും എന്ന് അറിയിക്കാമോ; | | മുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | സഹകരണ പെൻഷൻ പരിഷ്കരിക്കുന്നതിന് 09.03.2019 ലെ സ.ഉ.(സാധാ)നം.183/2019/സഹ പ്രകാരം ഗവണ്മെന്റ് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിൽ പരിഷ്കരണ ശിപാർശകളും ധനാഗമ മാർഗ്ഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ